ഉത്തരം

(എ) സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് കേന്ദ്ര റോഡു ഗതാഗത ദേശീയപാതാ മന്ത്രാലയം അംഗീകരിക്കുകയും ചെയ്യുന്നമുറയ്ക്ക് ദർഘാസ് ക്ഷണിച്ച് കരാറുകാരെ നിശ്ചയിക്കുകയും പണി ആരംഭിക്കുകയും ചെയ്യാനാണ് ഉദ്ദേശ്യം.

(ബി) ദേശീയപാത 17-ൽ കിലോമീറ്റർ 214 മുതൽ 225 വരെ ഒരു ഡീവിയേഷനുള്ള പ്രൊപ്പോസലിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അതിനുവേണ്ടി സ്ഥലമെടുക്കുന്നതിനുള്ള അടങ്കൽ കേന്ദ്രം അംഗീകരിക്കുകയുണ്ടായി. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരികയാണ്.

"കല്ലിഗെ" പാലം നിർമ്മാണം

61 (730) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വിദ്യാനഗർ-മുഡിപ്പ് റോഡിൽ കള്ളായി പുഴയ്ക്ക് കലിഗെ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകിയത് എന്നാണ് ;

(സി) പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പണി ആരംഭിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(എഫ്) ഈ പാലം നിർമ്മാണത്തിന് നബാർഡിന്റെ സഹായം ലഭ്യമാക്കുമോ ;

(ജി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) "കല്ലിഗെ" പാലം നിർമ്മിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 16-1-1999- ൽ

(സി & ഡി) പ്രത്യേകാനുമതി നൽകിയതിനു ശേഷമേ പണി ആരംഭിക്കാൻ കഴിയുകയുള്ളു.

(ഇ) 162 ലക്ഷം രൂപ

(എഫ് & ജി) വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

"പത്വാടി" യിൽ പാലം നിർമ്മിക്കുന്നതിന് നടപടി

62 (731) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly